**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 168** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>കാലാവധി കഴിഞ്ഞ പരിശോധന കിറ്റുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എ. ഡി. തോമസ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. പഴകുളം മധു

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് കാലാവധി കഴിഞ്ഞ എച്ച്.ഐ.വി., എച്ച്.സി.വി. റാപ്പിഡ് ടെസ്റ്റ് കിറ്റുകൾ വാങ്ങിയിരുന്നോ; വിശദമാക്കുമോ;

**<u>മറുപടി:</u>** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാലാവധി കഴിഞ്ഞ എച്ച്.ഐ.വി, എച്ച്.സി.വി റാപ്പിഡ് ടെസ്റ്റ് കിറ്റുകൾ വാങ്ങിയതു സംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും ആരോഗ്യ വകുപ്പിന്റെ കീഴിലും പ്രവർത്തിക്കുന്ന ആശുപത്രികളിൽ കാലാവധി കഴിഞ്ഞ എച്ച്.ഐ.വി., എച്ച്.സി.വി റാപ്പിഡ് ടെസ്റ്റ് കിറ്റുകൾ വാങ്ങിയിട്ടില്ല.

**(ബി)** ആരോഗ്യവകുപ്പിന് കീഴിലുള്ള കെ.എച്ച്.ആർ.ഡബ്ല്യു.എസ്.(കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റി) കാലാവധി കഴിഞ്ഞ കിറ്റുകൾ വാങ്ങി എന്ന് സംസ്ഥാന ഓഡിറ്റ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാന ഓഡിറ്റ് വകുപ്പ്, KHRWS, പ്രത്യേക ഓഡിറ്റ് വിഭാഗത്തിന്റെ 2022-23, 2023-24 വർഷത്തിലെ പ്രാഥമിക ഓഡിറ്റ് റിപ്പോർട്ടിൽ എ.സി.ആർ ലാബുകൾക്ക് ആവശ്യമായ പരിശോധന കിറ്റുകൾ വാങ്ങിയതിൽ കാലാവധി കഴിഞ്ഞ കിറ്റുകൾ ഉൾപ്പെട്ടിട്ടുള്ളതായി പരാമർശിക്കപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിന് 2026 മെയ് 31 ന ള്ളിൽ രേഖകൾ / വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ KHRWS -നോട് പ്രത്യേക ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചിരുന്നു. വിശദമായ പരിശോധനയിൽ കാലാവധി കഴിഞ്ഞ കിറ്റുകൾ വാങ്ങിയിട്ടില്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് കിറ്റുകളുടെ കാലാവധി സംബന്ധിച്ച രേഖകൾ സഹിതം മറുപടി KHRWS, പ്രത്യേക ഓഡിറ്റ് വിഭാഗത്തിന് നൽകിയിട്ടുള്ളതാണ്.

**(സി)** കാലാവധി കഴിഞ്ഞ കിറ്റുകൾ ഉപയോഗിച്ച് പരിശോധിച്ചാൽ റിസൾറ്റിന് വിശ്വാസയോഗ്യത ഇല്ലാത്തതിനാൽ പ്രസ്തുത കിറ്റുകൾ വാങ്ങിയതിനെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടിയെടുക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** കാലാവധി കഴിഞ്ഞ കിറ്റുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**